**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 285** **12-01-2021 - ൽ മറുപടിയ്ക്ക്**

**എളവള്ളി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ചുറ്റുമതിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Smt. K. K .Shailaja Teacher<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ എളവള്ളി കുടുംബാരോഗ്യ കേന്ദ്രത്തിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി എം.എൽ.എ ഫണ്ടിൽ നിന്നും ഒൻപത് ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും തൃശ്ശൂർ കോസ്റ്റ് ഫോർഡിനെ നിർമ്മാണ ചുമതല ഏൽപ്പിക്കുകയും ചെയ്ത പ്രസ്തുത ആശുപത്രിയുടെ ചുറ്റുമതിൽ നിർമ്മാണം ആരംഭിക്കാനായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആരോഗ്യ കേന്ദ്രത്തിന് ചുറ്റുമതിൽ നിർമ്മിക്കുന്ന പ്രവർത്തിക്ക് എന്നാണ് ഭരണാനുമതി ലഭിച്ചതെന്ന് അറിയിക്കാമോ; | (ബി) | പ്രസ്തുത ആരോഗ്യകേന്ദ്രത്തിന് ചുറ്റുമതിൽ നിർമ്മിക്കുന്ന പ്രവർത്തിക്ക് DCTSR/190/Fin-10, dated, 25/06/2019 പ്രകാരം ബഹു.എം.എൽ.എ ശ്രീ.മുരളി പെരുനെല്ലിയുടെ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി 9 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ചുറ്റുമതിൽ നിർമ്മാണം ആരംഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | കുടുംബാരോഗ്യകേന്ദ്രം കെട്ടിടം നിലനിൽക്കുന്ന സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലം നിലവിൽ പൊതുവഴിയായി ഉപയോഗിച്ച് വരുകയാണ്. ചാവക്കാട് തഹസീൽദാർ (ഭൂരേഖയുടെ) 13/10/2020 ലെ ബി3-14290/2019 കത്ത് പ്രകാരം താലൂക്ക് സർവെയർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ അതിർത്തി നിർണ്ണയിച്ചപ്പോൾ വഴിയായി കിടക്കുന്ന സ്ഥലത്തിന്റെയും പി.ഡബ്ല്യൂ.ഡി റോഡിനായി പോയിട്ടുള്ള ഭൂമിയുടെയും വിസ്തീർണ്ണം കണക്കാക്കിയതു പ്രകാരം വടക്കു ഭാഗത്ത് 2.5 സെന്റും തെക്ക് ഭാഗത്ത് 1.7 സെന്റും സ്ഥലം വഴിയായി ഉപയോഗിക്കുന്നതായും 0.5 സെന്റ് സ്ഥലം പി.ഡബ്ല്യൂ.ഡി റോഡിനായി പോയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച പരിശോധനകൾ നടത്തി വരികയാണ്. |
| | | | |

| | | | |
|---|---|---|---|
| (ഡി) | ആയതിന്റെ നിർമ്മാണം ആരംഭിക്കാൻ സത്വര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ? | (ഡി) | കുടുംബാരോഗ്യകേന്ദ്രം കെട്ടിടം നിലനിൽക്കുന്ന സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലം നിലവിൽ പൊതുവഴിയായി ഉപയോഗിച്ച് വരുകയാണ്. ചാവക്കാട് തഹസീൽദാർ (ഭൂരേഖയുടെ) 13/10/2020 ലെ ബി3-14290/2019 കത്ത് പ്രകാരം താലൂക്ക് സർവെയർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ അതിർത്തി നിർണ്ണയിച്ചപ്പോൾ വഴിയായി കിടക്കുന്ന സ്ഥലത്തിന്റെയും പി.ഡബ്ല്യു.ഡി റോഡിനായി പോയിട്ടുള്ള ഭൂമിയുടെയും വിസ്തീർണ്ണം കണക്കാക്കിയതു പ്രകാരം വടക്കു ഭാഗത്ത് 2.5 സെന്റും തെക്ക് ഭാഗത്ത് 1.7 സെന്റും സ്ഥലം വഴിയായി ഉപയോഗിക്കുന്നതായും 0.5 സെന്റ് സ്ഥലം പി.ഡബ്ല്യൂ.ഡി റോഡിനായി പോയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച പരിശോധനകൾ നടത്തി വരികയാണ്. |

സെക്ഷൻ ഓഫീസർ